ഉത്തരം

(എ) സൂപ്രണ്ട് ഉൾപ്പെടെ 41 ഡോക്ടർമാരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ 315 മറ്റ് ജീവനക്കാരും ഉണ്ട്.

(ബി) 37 ഒഴിവുകളാണ് ഉള്ളത്. വിശദവിവരം താഴെ ചേർക്കുന്നു :

1.	സ്റ്റാഫ് നഴ്സ്	..	4
2.	ഒപ്താൽമിക് അസിസ്റ്റന്റ്	..	3
3.	ഡ്രൈവർ	..	4
4.	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2	..	23
5.	പാർട്ട്-ടൈം സ്വീപ്പർ	..	3

(സി&ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലും സർജറി ഓങ്കോളജി വിഭാഗത്തിലും നിയമനം ലഭിക്കുന്നതിന് വേണ്ട യോഗ്യതകൾ

148 (4583) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലും സർജറി ഓങ്കോളജി വിഭാഗത്തിലും നിയമനം ലഭിക്കുന്നതിനു വേണ്ട അടിസ്ഥാന യോഗ്യതകൾ എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ഡി.എം., എം.ബി.എച്ച്. യോഗ്യതയുള്ള എത്ര വിദഗ്ദ്ധ ഡോക്ടർമാർ ഉണ്ട് ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്ന് പറയാമോ ?

ഉത്തരം

(എ) ആർ.സി.സി.യിലെ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെടുന്നതിനുള്ള അടിസ്ഥാന യോഗ്യതകൾ ചുവടെ ചേർക്കുന്നു.

ലക്ചറർ :

അവശ്യയോഗ്യത : ജനറൽ മെഡിസിൻ/പീഡിയാട്രിക്സിൽ ഉള്ള എം.ഡി. ബിരുദം.

അഭികാമ്യം : മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലുള്ള ഒരു വർഷത്തെ പ്രവൃത്തിപരിചയം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് പ്രൊഫസർ :

അവശ്യയോഗ്യത : (1) ജനറൽ മെഡിസിൻ/പീഡിയാട്രിക്സിൽ ഉള്ള എം.ഡി. ബിരുദം. അല്ലെങ്കിൽ മെഡിക്കൽ ഓങ്കോളജിയിലുള്ള ഡി.എം. ബിരുദം.

(2) ക്യാൻസർ സെന്ററുകളിലോ, ക്യാൻസർ ആശുപത്രികളിലോ, മെഡിക്കൽ കോളേജ് ആശുപത്രികളിലോ ലക്ചറർ/ട്യൂട്ടർ ആയി മൂന്നുവർഷത്തെ അദ്ധ്യാപന പരിചയം.

അഭികാമ്യം : ശാസ്ത്രപ്രസിദ്ധീകരണങ്ങൾ.

അസോസിയേറ്റ് പ്രൊഫസർ :

അവശ്യയോഗ്യത : (1) ജനറൽ മെഡിസിൻ/പീഡിയാട്രിക്സിൽ ഉള്ള എം.ഡി.ബിരുദം. അല്ലെങ്കിൽ മെഡിക്കൽ ഓങ്കോളജിയിലുള്ള ഡി.എം.ബിരുദം.

(2) ക്യാൻസർ സെന്ററുകൾ/ ക്യാൻസർ ആശുപത്രികൾ അല്ലെങ്കിൽ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേതെങ്കിലും 5 വർഷം ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ ആയുള്ള അദ്ധ്യാപന പരിശീലനം. ഇതിൽ മൂന്നു വർഷം അസിസ്റ്റന്റ് പ്രൊഫസറായി സേവനം അനുഷ്ടിച്ചിരിക്കേണ്ടതാണ്.

അഭികാമ്യം : ശാസ്ത്രപ്രസിദ്ധീകരണങ്ങൾ.

പ്രൊഫസർ :

അവശ്യയോഗ്യത : (1) ജനറൽ മെഡിസിൻ/പീഡിയാട്രിക്സ് വിഭാഗത്തിലുള്ള എം.ഡി. ബിരുദം. അല്ലെങ്കിൽ മെഡിക്കൽ ഓങ്കോളജിയിലുള്ള ഡി.എം. ബിരുദം.

(2) ക്യാൻസർ സെന്ററിലോ, ക്യാൻസർ ആശുപത്രിയിലോ അല്ലെങ്കിൽ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലോ അസിസ്റ്റന്റ്/അസോസിയേറ്റ് പ്രൊഫസറായിട്ടുള്ള 5 വർഷത്തെ അദ്ധ്യാപന പരിചയം.

അഭികാമ്യം : ശാസ്ത്രപ്രസിദ്ധീകരണങ്ങൾ.

ആർ.സി.സി.-യിലെ സർജിക്കൽ ഒങ്കോളജി വിഭാഗത്തിൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെടുന്നതിനുള്ള അടിസ്ഥാന യോഗ്യതകൾ ചുവടെ ചേർക്കുന്നു :

ലക്ചറർ :

അവശ്യയോഗ്യത : ജനറൽ സർജറി അല്ലെങ്കിൽ ഏതെങ്കിലും ഒരു സർജിക്കൽ സ്പെഷ്യാലിറ്റിയിൽ ഉള്ള എം.എസ്. ബിരുദം അല്ലെങ്കിൽ ഒപ്സ്ട്രട്രിക്സ് ആന്റ് ഗൈനക് വിഭാഗത്തിലുള്ള എം.ഡി. ബിരുദമോ തത്തുല്യ യോഗ്യതയോ.

അഭികാമ്യം : ക്യാൻസർ സർജറിയിലുള്ള ഒരു വർഷത്തെ പ്രവൃത്തി പരിചയം.

അസിസ്റ്റന്റ് പ്രൊഫസർ :

അവശ്യയോഗ്യത : (1) ജനറൽ സർജറി അല്ലെങ്കിൽ ഏതെങ്കിലും ഒരു സർജിക്കൽ സെപ്ഷ്യാലിറ്റിയിൽ ഉള്ള എം.എസ്. ബിരുദം അല്ലെങ്കിൽ ഒപ്സ്ട്രട്രിക്സ് ആന്റ് ഗൈനക് വിഭാഗത്തിലുള്ള എം.ഡി. ബിരുദമോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

(2) ക്യാൻസർ സെന്ററിലോ, ക്യാൻസർ ആശുപത്രികളിലോ, അല്ലെങ്കിൽ മെഡിക്കൽ കോളേജിലോ ലക്ചറർ/ട്യൂട്ടർ ആയിട്ടുള്ള മൂന്നു വർഷത്തെ അദ്ധ്യാപന പരിശീലനം.

അഭികാമ്യം : ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ.

അസോസിയേറ്റ് പ്രൊഫസർ :

അവശ്യയോഗ്യത : (1) ജനറൽ സർജറി അല്ലെങ്കിൽ ഏതെങ്കിലും ഒരു സർജിക്കൽ സ്പെഷ്യാലിറ്റിയിൽ ഉള്ള എം.എസ്. ബിരുദം അല്ലെങ്കിൽ ഒപ്സ്ട്രട്രിക്സ് ആന്റ് ഗൈനക് വിഭാഗത്തിലുള്ള എം.ഡി. ബിരുദമോ തത്തുല്യ യോഗ്യതയോ

(2) നിശ്ചിത ബിരുദാനന്തരബിരുദം നേടിയതിനു ശേഷം ക്യാൻസർ സെന്ററിലോ, ക്യാൻസർ ഹോസ്പിറ്റലിലോ ലക്ചറർ/റീഡർ/അസിസ്റ്റന്റ് പ്രൊഫസറായുള്ള 5 വർഷത്തെ അദ്ധ്യാപന പരിശീലനം.

അഭികാമ്യം : ശാസ്ത്രപ്രസിദ്ധീകരണങ്ങൾ.

പ്രൊഫസർ :

അവശ്യയോഗ്യത : (1) ജനറൽ സർജറിയിലോ മറ്റേതെങ്കിലും സർജിക്കൽ സ്പെഷ്യാലിറ്റിയിലോ ഉള്ള എം.എസ്.ബിരുദം അല്ലെങ്കിൽ ഒപ്സ്ട്രട്രിക്സ് ആന്റ് ഗൈനക് വിഭാഗത്തിലുള്ള എം.ഡി. ബിരുദമോ തത്തുല്യ യോഗ്യതയോ.

LIBRARY ARCHIVES Kerala Legislative Assembly

(2) ക്യാൻസർ സെന്ററിലോ, ക്യാൻസർ ആശുപത്രിയിലോ അസിസ്റ്റന്റ് / അസോസിയേറ്റ് പ്രൊഫസർ ആയിട്ടുള്ള 5 വർഷത്തെ പ്രവൃത്തി പരിചയം.

അഭികാമ്യം : ശാസ്ത്രപ്രസിദ്ധീകരണങ്ങൾ.

(ബി) മെഡിക്കൽ ഓങ്കോളജി വിഭാഗത്തിൽ ആകെയുള്ള അഞ്ചു ഡോക്ടർമാരിൽ എല്ലാവരും ഡി.എം. യോഗ്യതയുള്ളവരാണ്. സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ ആകെയുള്ള 13 ഡോക്ടർമാരിൽ 5 പേർക്ക് എം.സി.എച്ച്. യോഗ്യതയുണ്ട്.

മെഡിക്കൽ ഓങ്കോളജിയിൽ ഡി.എം. യോഗ്യതയുള്ള ഡോക്ടർമാർ.

1. ഡോ. വി. പി. ഗംഗാധരൻ(ഇപ്പോൾ അവധിയിലാണ്)
2. ഡോ. എൻ. ഗീത
3. ഡോ. പ്രകാശ് എൻ.പി.
4. ഡോ. മിർസാഹുസൈൻ
5. ഡോ. ശ്രീജിത്ത് ജി. നായർ

സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ എം.സി.എച്ച്. യോഗ്യതയുള്ള ഡോക്ടർമാർ

1. ഡോ. കെ. ചിത്രതാര (ഇപ്പോൾ അവധിയിലാണ്)
2. ഡോ. ചെറിയാൻ എം. കോശി
3. ഡോ. ഷാജി തോമസ്
4. ഡോ. ബിപിൻ തോമസ് വർഗീസ്
5. ഡോ. പി. ജി. ബാലഗോപാൽ

പത്തനംതിട്ട ജില്ലയിലെ ഹെൽത്ത് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തിക

149 (4584) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ വിവിധ ആശുപത്രികളിലായി ഹെൽത്ത് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്രപേർ ജോലി നോക്കിവരുന്നുണ്ട് എന്ന് ആശുപത്രികളുടെ പേര് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ സ്ഥിരനിയമനം ലഭിച്ചവർ എത്ര ? എംപ്ലോയ്മെന്റ് വഴി നിയമനം ലഭിച്ചവർ എത്ര ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉള്ളവർക്ക് എന്നു മുതലാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly